വധി കൊടുക്കുന്ന നിയമനിർമ്മാണം ഇൻഡ്യയിലെ പരിഷ്കൃത നാട്ടുരാജ്യങ്ങളിൽപോലും പൊതുജനാഭിപ്രായത്തോടുകൂടി നടപ്പാക്കീട്ടുള്ള സംഗതി നമുക്കു വിസ്മരിക്കുവാൻ പാടില്ലെന്നാണ് എനിക്കു ഈ ബഹുമാനപ്പെട്ട സഭയെ വിനീതമായി ധരിപ്പിക്കുവാനുള്ളതു്. ഭാരതത്തിലെ പരിഷ്കൃത നാട്ടുരാജ്യങ്ങളിൽ ഒന്നായ അടുത്തുള്ള തിരുവിതാംകൂറിലെപ്പോലെയെങ്കിലും ചെയ്യുവാനുള്ള ധൈര്യം നമ്മുടെ ഗവൺമെണ്ടിനുണ്ടായിട്ടുണ്ടോ എന്നു ഞാൻ ബഹുമാനപ്പെട്ട സാമാജികന്മാരോടു വളരെ ആദരവോടുകൂടി ചോദിക്കുന്നു. തിരുവിതാംകൂറിലെ കടക്കാരുടെ ആകെൽ എട്ടും ഒൻപതും കൊല്ലം കാലാവധി കൊടുക്കുന്നതായ സ്ഥിരമായ നിയമനിർമ്മാണം നടപ്പിലായിട്ടുള്ള സ്ഥിതിക്കു കാഷ്ഠികമായ നിലയിൽ അവരേക്കാൾ കൂടുതൽ ദുരിതങ്ങളനുഭവിക്കുന്ന ഈ കൊച്ചിയിലെ കർഷകക്കുവേണ്ടി കടങ്ങൾ തീർക്കുവാൻ അവധി നല്കുന്ന നിയമനിർമ്മാണം നടപ്പാക്കുവാനുള്ള സമയം അതിക്രമിച്ചിട്ടില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. തിരുവിതാംകൂറിൽ ഈ പരിഷ്കാരം വന്നതിനുശേഷമാണ് ലോകമഹായുദ്ധം തുടങ്ങിയതു്. അതിനുമുമ്പുതന്നെ മറ്റു പല പരിഷ്കൃത രാജ്യങ്ങളും മോറട്ടോറിയത്തിന്റെ കാലാവധി ഒന്നാകെ അഞ്ചും ആറും കൊല്ലം നീട്ടുകയുണ്ടായിട്ടുണ്ടു്. തിരുവിതാംകൂറിൽപോലും എട്ടും ഒമ്പതും കൊല്ലക്കാലം കടം തിരിച്ചു കൊടുക്കുന്നതിനു അനുവദിച്ചു കൊടുക്കുന്നതായ നിയമം നടപ്പിലായിട്ടുണ്ടെങ്കിൽ, മഹായുദ്ധത്തിനുശേഷവും മലവെള്ളത്തിനുശേഷവും കൊടുങ്കാറ്റുണ്ടായതിനുശേഷവും നമ്മുടെ കൊച്ചി ഗവൺമെണ്ടിന്റെ കണ്ണു തുറന്നിട്ടില്ലെങ്കിൽ നിങ്ങളുടെ ആ കണ്ണു എന്നാണു തുറക്കുകയെന്നു ഞാൻ അത്ഭുതപ്പെടുന്നു. ആ അടഞ്ഞ കണ്ണുകൾ തുറക്കുവാൻ ഈ എളിയ ഞാൻ അപേക്ഷിക്കുന്നു. ഗവൺമെണ്ടു തങ്ങളുടെ കണ്ണുകളും കാതുകളും യഥാകാലം തുറന്നു പിടിക്കാഞ്ഞാൽ അസ്വസ്ഥതയുടെ വിത്തുകൾ പാകപ്പെടുമെന്നു ഞാൻ ഭയപ്പെടുന്നു. ശാന്തമായ ഈ സ്റ്റേറ്റിൽ അസ്വസ്ഥതയുണ്ടാക്കിയെന്നു അഭിമാനിക്കുവാനാണോ ഗവൺമെണ്ടു് വട്ടംകൂട്ടുന്നതു്? താമസിച്ചെങ്കിലും ധർമ്മനിർവ്വഹണം സാധിക്കണമെന്നുള്ള വിനീതമായ അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ ഇപ്പോൾ ഏറ്റവും ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

Advisory Committee on Education—Election of a member

Deputy President : I have to announce to the House that of the four candidates who stood for election to the Education Advisory Committee, Messrs. L. M. Pylee, K. Kochukunhan Kaimal and K. S. Panicker, have withdrawn their candidature. Mr. K. M. Ibrahim is therefore declared elected.

The House rose for the day at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly